(ഇ) 2.665% ആണ്.

(എഫ്) ഉപചോദ്യം (ഡി) യുടെ മറുപടി കാണുക.

"പോലീസ് സേനയ്ക്ക് ട്രെയിനിംഗ് അക്കാദമി"

*25 [408] *ശ്രീ. കെ. നാരായണക്കുറുപ്പ്:*

,, *തോമസ് ചാഴികാടൻ:*

,, *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ അംഗബലം കൂട്ടാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതിന്റെ ഭാഗമായി ട്രെയിനിംഗ് അക്കാദമികൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ;

(സി) എങ്കിൽ എല്ലാ ജില്ലകളിലും ഇതിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ഉണ്ടോയെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) പോലീസ് സേനയുടെ അംഗബലം കൂട്ടാൻ പ്രത്യേക പദ്ധതി ഇല്ല. എന്നാൽ പോലീസ് സേനയുടെ ജോലിഭാരം കുറയ്ക്കുന്നതിനുള്ള ആദ്യപടി എന്നനിലയ്ക്ക് ഭരണനവീകരണപദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 57 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി സമയമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് സ്റ്റാഫ് സട്രെങ്ത് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) & (സി) സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങളുടെ പരിശീലനം ആധുനികവൽക്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി 1-1-1996-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) 1/96/ആഭ്യന്തരം പ്രകാരം തൃശ്ശൂർ ജില്ലയിലെ രാമവർമ്മപുരത്ത് പോലീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പോലീസ് അക്കാദമിയുടെ പണി ആരംഭിച്ച് 29-5-2004-ൽ പണി പൂർത്തിയാക്കി ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. ഈ അക്കാദമിയിൽ 2005 മേയ് മാസത്തോടുകൂടി 2000 പേർക്ക് ഒരേസമയം പരിശീലനം നൽകാൻ കഴിയുന്നതാണ്. ഇതുകൂടാതെ കേരളത്തിൽ നിലവിലുള്ള ഏഴു ബറ്റാലിയനുകളിലും പോലീസ് സേനാംഗങ്ങൾക്ക് ഇപ്പോൾ പരിശീലനം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly